പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 168 | 12-10-2026-ൽ മറുപടിയ്ക്ക്

<u>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ ഉണ്ടായിട്ടുള്ള വീഴ്ചകൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിൽ ചികിത്സാപിഴവ്, ശസ്ത്രക്രിയാപിഴവ് എന്നിവ സംബന്ധിച്ച ആരോപണത്തിന്മേലുള്ള 26 പരാതികളും ആരോഗ്യ വകുപ്പിന് കീഴിൽ ചികിത്സാപിഴവിനെ സംബന്ധിച്ച 2 കേസുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായതായി പറയപ്പെടുന്ന ശസ്ത്രക്രിയാപിഴവുകൾ, ചികിത്സാ പിഴവുകൾ, തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര കേസുകളിലാണ് ആരോഗ്യ വകുപ്പ് അന്വേഷണം നടത്തുന്നത്; ഇത്തരം സംഭവങ്ങൾ ആവർത്തിയ്ക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

**<u>മറുപടി:</u>** ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ 2021-2026 കാലയളവിൽ 197 കേസുകൾ Expert panel-ന്റെ പരിഗണനയ്ക്ക് റഫർ ചെയ്തിട്ടുണ്ട്. ഇതിൽ 51 കേസുകളിൽ ചികിത്സാ പിഴവ് ഉണ്ടായതായി Expert panel റിപ്പോർട്ട് ചെയ്തിട്ടുണ്ട്. Apex Body -യുടെ പരിഗണനയ്ക്ക് 71 കേസുകൾ വന്നിട്ടുള്ളതായും 22 കേസുകളിൽ ചികിത്സാ പിഴവ് ഉണ്ടായതായും Apex Body റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ഉണ്ടായിട്ടുള്ള ശസ്ത്രക്രിയ, ചികിത്സാപിഴവുകളുമായി ബന്ധപ്പെട്ട 26 കേസുകളിൽ അന്വേഷണം നടത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കേസുകൾ അതീവ ഗൗരവമായിക്കണ്ട് സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആശുപത്രി ജീവനക്കാർക്കും തീയേറ്റർ സ്റ്റാഫിനും വേണ്ട ട്രെയിനിംഗും ഓറിയന്റേഷൻ ക്ലാസ്സുകളും നൽകി വരുന്നു. എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും തീയേറ്റർ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നെഴ്സിംഗ് ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്.

**(സി)** ആരോഗ്യ വകുപ്പിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടിയിട്ടുള്ള ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വേട്ടയാടപ്പെട്ടുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം നടപടികൾ പുനഃപരിശോധിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ വകുപ്പ് തലവന്മാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും കർശനമായ നിർദേശം നൽകിയിട്ടുണ്ട്.

കൂടാതെ ഇപ്രകാരം വേട്ടയാടപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ആരംഭിച്ച വകുപ്പുതല നടപടികൾ പുന:പരിശോധിച്ചു വരുന്നു.

**(ഡി)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിന് മുഖച്ഛായ നഷ്ടപ്പെട്ടുപോയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നഷ്ടമായ മുഖച്ഛായ വീണ്ടെടുക്കുന്നതിന് എല്ലാ സർക്കാർ ആശുപത്രികളെയും രോഗീ സൗഹൃദമാക്കാൻ തീരുമാനിക്കുകയും എല്ലാ ജീവനക്കാർക്കും കുറഞ്ഞത് 10 ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ചികിത്സാ പിഴവുകൾ ഒഴിവാക്കുന്നതിന് ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ നടപ്പാക്കാൻ ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ തീയേറ്റർ മാന്വൽ പരിഷ്കരിച്ചു രോഗികൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും ജീവഹാനി ഉണ്ടാകാതിരിക്കാനുമുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിച്ചിട്ടുണ്ട്. ഓരോ കേസും പ്രത്യേകം പരിശോധിച്ച് പരിഹാരം നിർദേശിക്കുന്നതിനായി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**